LIBRARY ARCHIVES Kerala Legislative Assembly

ഓണം ഫെയറുകളും പ്രത്യേക ആനുകൂല്യങ്ങളും

243 [1192] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ ഓണക്കാലത്ത് ഭക്ഷ്യവകുപ്പും സിവിൽ സപ്ലൈസ് കോർപ്പറേഷനും ചേർന്ന് സംസ്ഥാനത്ത് ഓണം ഫെയറുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഓണക്കാലത്ത് ഭക്ഷ്യമേഖലയിൽ എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങളാണ് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾക്കായി ഭക്ഷ്യവകുപ്പ് മുഖേന ഓണക്കാലത്ത് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും ഓണം ഫെയറുകൾ നടത്താനാണ് പദ്ധതിയുള്ളത്.

(ബി) & (സി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും ഇതുവരെ എടുക്കുകയുണ്ടായില്ല. തീരുമാനം ഉചിതമായ സമയത്ത് എടുക്കുന്നതാണ്.

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ശബരി/മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

244 [1193] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചെറുകാവ്, പൂക്കോട്ടൂർ, മൊറയൂർ, പള്ളിക്കൽ, വാഴയൂർ പഞ്ചായത്തുകളിൽ പുതിയ മാവേലിസ്റ്റോറുകളോ, ശബരിസ്റ്റോറുകളോ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഈ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. പൂക്കോട്ടൂരിൽ ശബരി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ബാക്കി പഞ്ചായത്തുകളിൽ ശബരി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലാഭം മാർക്കറ്റിലെ നിത്യോപയോഗ സാധനങ്ങളുടെ വില

245 [1194] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-മാർച്ച് 1-ന് ലാഭം മാർക്കറ്റിലെ നിത്യോപയോഗ സാധനങ്ങളുടെ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ;

(ബി) 2005-മേയ് മാസത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളത്;

(സി) ഓരോന്നിന്റേയും പട്ടികതിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ)—(സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു:

നമ്പർ	*ഇനം*	*വില-കിലോ ഗ്രാമിന്*		*വ്യത്യാസം*
		2005 മാർച്ച്	*2005 മേയ്*	*(രൂപയിൽ)*
(1)	(2)	(3)	(4)	(5)
1	അരി (പി. ഡി. എസ്.)	8.90	8.90	ഇല്ല
2	ചെറുപയർ	26.00	28.50	2.50 കൂടുതൽ
3	ഉഴുന്ന് പരിപ്പ്	27.00	28.50	1.50 കൂടുതൽ
4	ഉഴുന്ന് പിളർന്നത്	23.50	25.50	2.00 കൂടുതൽ
5	വൻകടല	25.00	24.00	1.00 കുറവ്
6	വൻപയർ	15.50	19.00	3.50 കൂടുതൽ
7	തുവരപരിപ്പ്	26.50	27.00	0.50 കൂടുതൽ
8	പീസ്പരിപ്പ്	18.00	18.00	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly